# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം: വി. എൻ. ജിതേന്ദ്രൻ, I.A.S.)**

**ഉത്തരവ് നമ്പർ. ഇ.9/ 6474/14** തിരുവനന്തപുരം

തീയതി 16-05-2014

വിഷയം- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലെ ജീവനക്കാരുടെ 10-03-2014 വരെയുള്ള ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്- പ്രസിദ്ധപ്പെ ടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. ജി. ഓ.(പി) നമ്പർ 54/2010/ സാ.ക്ഷേ.വ തീയതി 10-08-2010.
2. ജി. ഓ.(പി) നമ്പർ 78/2012/ സാ.നീ.വ തീയതി 27-12-2012.
3. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 21.04.2012 ലെ ഇ7/11602/2012 നമ്പർ നടപടിക്രമങ്ങൾ
4. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 29.09.2012 ലെ ഇ7/11602/2012 നമ്പർ നടപടിക്രമങ്ങൾ
5. ജി. ഓ.(പി) നമ്പർ 474/2013/ സാ.നീ.വ തീയതി 20-09-2013.
6. ശ്രീ. എൻ.കുമരേശൻ ആശാരിയും കൂട്ടരും ഫയൽചെയ്ത O.A No.2043/2012ൻ മേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രീബ്യൂണൽ പുറപ്പെടുവിച്ച 01.04.2013 ലെ വിധിന്യായം.
7. O.P (KAT) നം. 1584/2013 (Z) ൽമേൽ ബഹു. കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച 21.02.2014 ലെ വിധിന്യായം
8. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 24.03.2014 ലെ ഇ7/37934/2012 നമ്പർ നടപടിക്രമങ്ങൾ
9. സാമൂഹ്യനീതി ഡയറക്ടറുടെ 26-03-2014 ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ.
10. കൊല്ലം ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 02-05-2014 ലെ സി. എച്ച്. കെ. 323/13 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിൽ പരാമർശം ഒന്ന് പ്രകാരം നിലവിൽ വന്ന കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി. (5) ൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 (ശമ്പള സ്കെയിൽ 15380-25900)

തസ്തികയുടെ ഒന്നാം ഫീഡർ കാറ്റഗറിയായി കാറ്റഗറി നം. 12 (ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ), രണ്ടാം ഫീഡർ കാറ്റഗറിയായി മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ നിന്നുള്ള ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക്, മൂന്നാം ഫീഡർ കാറ്റഗറിയായി കാറ്റഗറി നമ്പർ 18, 19 (ലിറ്ററസി ടീച്ചർ ഗ്രേഡ്-2/ നഴ്സറി ടീച്ചർ എന്നീ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരെയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുതചട്ടത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച പരാമർശം 2 ലെ ഉത്തരവ് പ്രകാരം കാറ്റഗറി. (5) ൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -2 തസ്തികയുടെ ഒന്നാം ഫീഡർ കാറ്റഗറിയായി കാറ്റഗറി നം. 12 (ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ), രണ്ടാം ഫീഡർ കാറ്റഗറിയായി മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ നിന്നുള്ള ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് എന്നീ വിഭാഗം ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തുകയും പരാമർശം (1) ലെ ഉത്തരവിന്റെ പരിധിയിൽ നിന്ന് കാറ്റഗറി (5) ന്റെ മൂന്നാം ഫീഡർ കാറ്റഗറിയായിരുന്ന കാറ്റഗറി നം 18,19 എന്നീ വിഭാഗങ്ങളെ ഒഴിവാക്കുകയുണ്ടായി.

2. പരാമർശം ഒന്നിലെ വിശേഷാൽചട്ടം കാറ്റഗറി 5 ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയുടെ കുറിപ്പ് 3 പ്രകാരം പ്രസ്തുത തസ്തികയിലെ ഉദ്യോഗക്കയറ്റം ബന്ധപ്പെട്ട ഫീഡർ കാറ്റഗറിയിലെ ജീവനക്കാർ തമ്മിലുള്ള സീനിയോറിറ്റിയെ ബാധിക്കാത്ത വിധത്തിൽ ഫീഡർ കാറ്റഗറിയിലെ നിയമന തീയതി അടിസ്ഥാനമാക്കിയുള്ള ഒരു സംയുക്ത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പരാമർശം (1)ലെ വിശേഷാൽചട്ടം നിലവിൽ വന്ന 10-08-2010ന് ശേഷം കാറ്റഗറി 5 ൽ ഉൾപ്പടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിലേക്കുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്ന് ഉദ്യോഗക്കയറ്റം നടത്തുന്നതിന് ഓപ്ഷൻ ക്ഷണിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ വിവിധ ഫീഡർ കാറ്റഗറികൾ തമ്മിലുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയോ ചെയ്തിരുന്നില്ല. ഇത് വിശേഷാൽ ചട്ടങ്ങൾക്ക് അനുസൃതമായി ഉദ്യോഗക്കയറ്റം നടത്തുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചു എന്ന് മാത്രമല്ല ഈ കാറ്റഗറിയിലേക്ക് നടത്തപ്പെട്ട നിയമനങ്ങളെല്ലാം വിശേഷാൽ ചട്ടങ്ങൾക്കെല്ലാം വിരുദ്ധമായിട്ടുള്ളതാണെന്ന ആരോപണങ്ങൾക്കും തൽഫലമായി കോടതി വ്യവഹാരങ്ങൾക്ക് കാരണമാവുകയും ചെയ്തു.

3. ശ്രീ. ചന്ദ്രൻ കണ്ണാലിയിലും കൂട്ടരും ചേർന്ന് ഫയൽ ചെയ്ത O.A (EKM) No.4/2013 ൻമേൽ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 19.02.2013 ലെ വിധിന്യായം നടപ്പിലാക്കി സർക്കാർ പുറപ്പെടുവിച്ച പരാമർശം (5) ലെ

ഉത്തരവ് ഖണ്ഡിക (5) (iii) ൽ പരാമർശം (1) പ്രകാരം വകുപ്പിൽ 10.08.2010 തീയതി പ്രബല്യത്തിൽ നിലവിൽ വന്ന കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി. (5) ൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

4. ഇതിന് പുറമേ പരാമർശം (1) ലെ വിശേഷാൽ ചട്ടാനുസരണം ലിറ്ററസി ടീച്ചർ/ പി.ഡി. ടീച്ചർ തസ്തികയിൽ നിന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ പരാമർശം (3) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ച് സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ. എൻ.കുമരേശൻ ആശാരി ഉൾപ്പെടെയുള്ള 4 ജീവനക്കാരെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽനിന്ന് തരംതാഴ്ത്തി സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (4) ലെ നടപടിക്രമത്തിനെതിരെ പ്രസ്തുത ജീവനക്കാർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A No.2043/2012 ന് മേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (6) ലെ വിധിന്യായത്തിൽ ജീവനക്കാരെ തസ്തിക തരംതാഴ്ത്തിയ നടപടി റദ്ദാക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. (KAT) നം. 1584/2013 (Z) ൽമേൽ ബഹു. കേരളാ ഹൈക്കോടതിയുടെ പരാമർശം (7) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (6) ലെ 01.04.2013 ലെ വിധിന്യായം ശരിവച്ച് അന്തിമ വിധിന്യായം പുറപ്പടുവിക്കുകയുണ്ടായി. ബഹു. കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (7) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽനിന്ന് പരാമർശം (4) പ്രകാരം തരംതാഴ്ത്തപ്പെട്ടിരുന്ന ശ്രീ. എൻ.കുമരേശൻ ആശാരി, ശ്രീമതി. പി.ബെജി. ശ്രീ. കെ.ജെ. രാജു. ശ്രീമതി.. കെ. എൽ.ഷൈനി. എന്നീ ജീവനക്കാരെ. അവർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്ന പരാമർശം (3) ലെ ഉത്തരവ് തീയതിയായ 21.04.2012 തീയതി പ്രാബല്യത്തിൽ ഉദ്യോഗക്കയറ്റം പുനസ്ഥാപിച്ചുനൽകി സാമൂഹ്യനീതി ഡയറക്ടർ പരാമർശം (8) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5 . ഈ സാഹചര്യത്തിൽ പരാമർശിത കോടതി ഉത്തരവുകളുടേയും സർക്കാർ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ പരാമർശം (1). (2) പ്രകാരമുള്ള കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ 10.08.2010ന് ശേഷം

വ്യത്യസ്ത ഫീഡർകാറ്റഗറികളിൽ നിന്ന് ഉദ്യോഗക്കയറ്റം ലഭിച്ച് 10.03.2014 തീയതിയിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 (ശമ്പള സ്കെയിൽ 15380-25900) തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരെ അവരവരുടെ നിയമനതീയതി അടിസ്ഥാനമാക്കി തയ്യാറാക്കിയ കരട് സീനിയോറിറ്റി ലിസ്റ്റ് പരാമർശം (8) പ്രകാരം പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കരട് സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട കാര്യാലയമേധാവി മുഖേന ഉത്തരവ് തീയതി മുതൽ 45 ദിവസത്തിനകം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട്-കം-ഹെഡ്മാസ്റ്റർ ഗ്രേഡ് 2 തസ്തികയിൽ (ശമ്പളസ്കെയിൽ 16180-29180) സേവനമനുഷ്ടിക്കുന്ന ശ്രീ. ബി. മോഹനൻ സ്ഥാപന സൂപ്രണ്ട് മുഖേന സമർപ്പിച്ച പരാമർശം 10 ലെ ഒരു അപേക്ഷ മാത്രമേ ലഭിച്ചിട്ടുള്ളു.

6. സാമൂഹ്യനീതി വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 (18740-33680) തസ്തികയിലെ സ്ഥാനക്കയറ്റം 1:2:1 എന്ന അനുപാതത്തിൽ യഥാക്രമം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 (ഐറ്റം നമ്പർ 1), മിനിസ്റ്റീരിയൽ സർവ്വീസിലെ ജൂനിയർ സൂപ്രണ്ട് (ഐറ്റം നമ്പർ 2), ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-2/ സൂപ്പർവൈസർ വി.റ്റി.സി./ സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ആഫീസർ/ സോഷ്യൽ സയന്റിസ്റ്റ് തുടങ്ങിയ തസ്തികകൾ (ഐറ്റം നമ്പർ 3) എന്നീ തസ്തികകളെയാണ് ഫീഡർ കാറ്റഗറിയായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. അപേക്ഷകനായ ശ്രീ. ബി. മോഹനൻ ഡെപ്യൂട്ടി സൂപ്രണ്ട്-കം-ഹെഡ്മാസ്റ്റർ ഗ്രേഡ് 2 തസ്തികയിൽ ജോലി നോക്കിവരുന്നതാകയാൽ ടിയാളുടെ സീനിയോറിറ്റി (ഐറ്റം നമ്പർ 3) വിഭാഗത്തിലെ സീനിയോറ്റി ലിസ്റ്റ് പുറപ്പെടുവിക്കുന്ന വേളയിൽ പരിഗണിക്കുന്നതാണ്.

7. മേൽ സാഹചര്യത്തിൽ പരാമർശം 3 പ്രകാരം പ്രസിദ്ധീകരിച്ച ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലെ 11 ഉദ്യോഗസ്ഥർ ഉൾപ്പെട്ട 10-03-2014 വരെയുള്ള കരട് സീനിയോറിറ്റിലിസ്റ്റ് അന്തിമമായി അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്.
2. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
3. ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

സാമൂഹ്യനീതി വകുപ്പിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 10 -03-2014 വരെയുള്ള ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്

(സാമൂഹ്യനീതി ഡയറക്ടറുടെ 16-05-2014 ലെ ഇ.9/6474/2014 നമ്പർ നടപടിക്രമങ്ങൾ)

( Asper GO(P) No. 54/2010 SWD dated 10-08-2010 and GO(P) No.78/2012 SWD dated 27-12-2012)

| ക്രമനം. | ജീവനക്കാരുടെ പേര് | ജനനതീയതി | യോഗ്യത | | ഉദ്യോഗക്കയറ്റം അനുവദിച്ച ഉത്തരവ് നമ്പരും തീയതിയും | അസൈൻമെന്റ് തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| 1. | ശ്രീ. എൻ. കുമരേശൻ ആശാരി | 10-05-1960 | SSLC,TTC | A/C (L) | E7/11602/12/ DSW dt. 21-04-2012 | 21-04-2012 | |
| 2. | ശ്രീമതി. പി. ബിജി | 05-05-1970 | PDC, TTC | A/C (L) | ,, | 21-04-2012 | |
| 3. | ശ്രീ. കെ.ജെ. രാജു | 18-04-1961 | SSLC,TTC | - | ,, | 21-04-2012 | 50 years-test exemption |
| 4. | ശ്രീമതി. കെ. എൽ. ഷൈനി | 09-03-1969 | SSLC,TTC | A/C (L) | ,, | 21-04-2012 | |
| 5. | ശ്രീ. കെ. ശ്രീകുമാർ | 23-04-1963 | PDC | MOP, A/C (H) 12/95 | E7/11602/12/ DSW dt. 28-11-2012 | 28-11-2012 | |
| 6. | ശ്രീ. എ. പോൾരാജ് | 10-03-1958 | BA Type, E,M (L) | MOP,A/C (L) 06/96 | ,, | 28-11-2012 | |
| 7. | ശ്രീ. പി. എം. പങ്കജാക്ഷൻ | 31-01-1963 | MA, BEd | A/C (L) 12/96 | ,, | 28-11-2012 | |
| 8. | ശ്രീ. സിദ്ധിഖ് ചുണ്ടക്കാടൻ | 30-05-1970 | SSLC | A/C (L) 06/96 | ,, | 28-11-2012 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | ശ്രീമതി. വി. അശ്വതി | 30-05-1974 | SSLC | A/C (L) 06/98 | E7/34744/13/ DSJ dt. 03-10-2013 | 03-10-2013 | |
| 10. | ശ്രീ. വി.ജി. ജയകുമാർ | 10-04-1973 | BA, Type E, M(L) | A/C (L) 06/98 | ,, | 03-10-2013 | |
| 11. | ശ്രീ. എം. സന്തോഷ് കുമാർ | 06-01-1965 | BA, Type E(H), | A/C (L) 12/97 | ,, | 03-10-2013 | |

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി